LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

2004 ജൂലൈ 5, തിങ്കൾ

വാല്യം CXXI] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 7

നിയമസഭ 2004 ജൂലൈ മാസം 5-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. സുന്ദരൻ നാടാരുടെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ . . . .ഓർഡർ . . . . ചോദ്യം 151

മഴക്കെടുതികളെ നേരിടാനുള്ള സ്ഥിരം സംവിധാനം

* 1 [151] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:
,, കെ. എൻ. എ. ഖാദർ:
,, സി. മോയിൻകുട്ടി:
,, ടി. പി. എം. സാഹിർ:
,, ഇസഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലം വരുമ്പോഴെല്ലാം സംസ്ഥാനത്ത് മഴക്കെടുതികളും ആവർത്തിക്കുന്നു എന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവയെ നേരിടാനും മഴക്കെടുതികൾ അനുഭവിക്കുന്നവർക്ക് ആശ്വാസം നൽകാനുമായി എന്തെല്ലാം നടപടികൾ കൈക്കൊള്ളുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം താല്ക്കാലിക നടപടികൾക്കുപകരം കാലവർഷക്കെടുതികളെ നേരിടുന്നതിന് സ്ഥിരം സംവിധാനം ആസൂത്രണം ചെയ്യുന്നതിനെക്കുറിച്ച് പരിഗണിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് അടിയന്തിരമായി പരിഗണിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ,

(എ ആന്റ് ബി) ഉണ്ട്. മഴക്കാലം ആരംഭിക്കുന്നതിനു മുന്നോടിയായിതന്നെ മഴക്കെടുതികൾ അടിയന്തിരമായി നേരിടുന്നതിനായി ഓരോ ജില്ലാ കളക്ടർമാർക്കും വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുന്നുണ്ട്. ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസം പകരുന്നതിനായി ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ എ.ഡി.എം. ആർ.ഡി.ഒ.-മാർ, തഹസിൽദാർമാർ, ജില്ലാ മെഡിക്കൽ ആഫീസർ, ജില്ലാ സപ്ലൈ ആഫീസർ, ട്രൈബൽ ഡവലപ്മെന്റ് ആഫീസർ എന്നിവർ യോഗം ചേർന്ന് കാലവർഷക്കെടുതികളെക്കുറിച്ച് അവലോകനം ചെയ്യുകയും, ദുരിതബാധിതരെ ദുരിതാശ്വാസ കേന്ദ്രങ്ങളിൽ എത്തിക്കുകയും അവർക്കുവേണ്ട ഭക്ഷണം, വസ്ത്രം, ചികിത്സ എന്നിവ നൽകുകയും ചെയ്യുന്നുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ ജില്ലാ ആസ്ഥാനങ്ങളിൽ പ്രവർത്തിച്ചുവരുന്നു. മഴക്കെടുതിമൂലം മത്സ്യബന്ധനത്തിനുപോകാൻ സാധിക്കാത്ത മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമെങ്കിൽ സൗജന്യ റേഷൻ നൽകുകയും, അതുപോലെ ആദിവാസികൾ, പട്ടികജാതി പട്ടികവർഗ്ഗക്കാർ എന്നിവർക്കുകൂടി സൗജന്യ റേഷൻ അനുവദിച്ചു നൽകാറുണ്ട്. കൂടാതെ, മരണമടയുന്നവരുടെ ആശ്രിതർക്ക് 50,000 രൂപ വീതവും, മരണമടയുന്ന കുട്ടികളുടെ ആശ്രിതർക്ക് 15,000 രൂപ വീതവും പരിക്കു പറ്റുന്നവർക്ക് അർഹമായ സാമ്പത്തിക സഹായവും കൃഷി നശിക്കുന്നവർക്ക് അർഹമായ സാമ്പത്തിക സഹായവും പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിൽനിന്നും അനുവദിച്ചുവരുന്നു.

(സി ആന്റ് ഡി): കാലവർഷം പ്രധാനമായും അനുഭവപ്പെടുന്നത് തെക്കുപടിഞ്ഞാറൻ മൺസൂൺ, വടക്കു കിഴക്കൻ മൺസൂൺ, വേനൽ മഴ എന്നിവ മൂലമാണ്. ഇവ നേരിടുന്നതിന് ഓരോ ജില്ലാ കളക്ടർമാരുടേയും നേതൃത്വത്തിൽ അടിയന്തിരഘട്ടം തരണം ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ആയതിനാൽ, സ്ഥിരം സംവിധാനം ആവശ്യമില്ല.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഈ ചോദ്യത്തിനുള്ള മറുപടിയിൽ കാലവർഷ കെടുതികൾ തടയുന്നതിനുള്ള സ്ഥിരം സംവിധാനം ആവശ്യമില്ലെന്നാണ് പറഞ്ഞിട്ടുള്ളത്. മഴ ഒരു വലിയ അനുഗ്രഹമാണ്, ദൈവത്തിന്റെ വരദാനമാണ്. മഴ വെള്ളത്തിന്റെ സംരക്ഷണവും അതുപോലെ ഉപയോഗവും ശരിക്കും നടത്താത്തതുകൊണ്ടാണ് മഴവെള്ളം വിപത്തായിട്ട് മാറുന്നത്. ഇങ്ങനെ വിപത്തായിട്ട് മാറുന്നതിനുപകരം മഴ വെള്ളം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്ന കാര്യത്തിൽ കേരളത്തിൽ മറ്റൊരു കാലഘട്ടത്തിലും നടക്കാത്ത വിധത്തിലുള്ള നല്ല സംരംഭങ്ങൾ നടക്കുന്നതിൽ ഗവൺമെന്റിനെ അഭിനന്ദിച്ചുകൊണ്ട് ഞാൻ ചോദിക്കുകയാണ്. വെള്ളപ്പൊക്ക നിയന്ത്രണം അതുപോലെ നദീജല സംരക്ഷണം, ജലവിഭവങ്ങളുടെ പൂർണ്ണമായ ഉപയോഗം, മണ്ണ് സംരക്ഷണം, എന്നീ കാര്യങ്ങളിലെല്ലാം ഓരോ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തും ഒരു റിവർ ബെയ്സിൻ ഓർഗനൈസേഷൻ ഉണ്ടാക്കണമെന്നുള്ള നിർദ്ദേശം ഉള്ളതായി സാമ്പത്തിക കാര്യ അവലോകനത്തിൽ വായിക്കുകയുണ്ടായി. അക്കാര്യത്തിൽ സെൻട്രൽ വാട്ടർ റിസോഴ്സ് മിനിസ്ട്രിയുടെ സഹായം ലഭിക്കുമെന്നും പറഞ്ഞിട്ടുണ്ട്. വെള്ളപ്പൊക്കമാണ് ഇതിലെ പ്രധാന കാര്യം. അങ്ങനെ ഒരു റിവർ ബെയ്സിൻ ഓർഗനൈസേഷൻ ഉണ്ടാക്കുന്നതിനെക്കുറിച്ച് എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ സജീവ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്താമോ?

ശ്രീ. എ. കെ. ആന്റണി: പെട്ടെന്ന് മറുപടി പറയാൻ പ്രയാസമുണ്ട്. പ്രത്യേകം നോട്ടീസ് കിട്ടിയാലേ മറുപടി പറയാൻ പറ്റുകയുള്ളൂ.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: പ്രകൃതിക്ഷോഭം നിയന്ത്രിക്കുന്ന കാര്യത്തിൽ വളരെ നല്ല പഠനം നടത്തിയിട്ടുള്ള ഒരു മഹത്തായ സ്ഥാപനമാണ് സെസ് (സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്). രൂക്ഷമായ മഴയുമായി ബന്ധപ്പെട്ടും മൺസൂണുമായി ബന്ധപ്പെട്ടും ഉരുൾപ്പൊട്ടൽ, ഭൂമികുലുക്കം, മിന്നൽ, തീരപ്രദേശ മണ്ണൊലിപ്പ് എന്നീ കാര്യങ്ങളെപ്പറ്റിയുമെല്ലാം സെസ് നല്ല പഠനം നടത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇത്തരം കാര്യങ്ങൾ എങ്ങനെ സ്ഥായിയായി തടയാൻ കഴിയുമെന്ന് സെസ് വളരെ ഫലപ്രദമായ ചില നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. സെസ്സിന്റെ ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ സെസ്സിനെ ശരിക്കും ഒരു വലിയ ദേശീയ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തിക്കൊണ്ടുവരാനും സെസ് ഇത്തരം പ്രകൃതിക്ഷോഭങ്ങൾക്ക് പരിഹാര മാർഗ്ഗമായി പറഞ്ഞ കാര്യങ്ങൾ വച്ചുകൊണ്ട് ഒരു കർമ്മ പരിപാടി തയ്യാറാക്കാനും ഗവൺമെന്റ് മുന്നോട്ടുവരുമോ?

ശ്രീ. എ. കെ. ആന്റണി: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. സെസ്സിന്റെ പഠനങ്ങൾ നമുക്ക് പല തരത്തിലും സഹായം ചെയ്യുന്നുണ്ട്. മഴക്കെടുതികൾ മാത്രമല്ല ഭൂകമ്പം മുൻകൂർ പ്രവചിക്കുന്നുണ്ട്. അതുപോലെ നമ്മുടെ നാട്ടിലെ ഭൂമിക്കടിയിലുള്ള ധാതുനിക്ഷേപം സംബന്ധിച്ച് സഹായകരമായ പഠനങ്ങൾ നടത്തി സെസ് സമീപകാലത്ത് സംസ്ഥാന ഗവൺമെന്റിനും ജനങ്ങൾക്കും ഗുണപരമായ പ്രവർത്തനം നടത്തിയിട്ടുണ്ട്. സെസ്സിന്റെ പ്രവർത്തനം മുന്നോട്ടുപോകുകയാണ്. സെസ്സിനെ കേന്ദ്ര ഗവൺമെന്റിന്റെകൂടി സഹായത്തോടുകൂടി ദേശീയ നിലവാരത്തിലുള്ള ഏറ്റവും നല്ല ഒരു സ്ഥാപനമായി വളർത്തിക്കൊണ്ടുവരാൻ സംസ്ഥാന ഗവൺമെന്റ് തീർച്ചയായും ശ്രമം നടത്തും. ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം തീർച്ചയായും നല്ല നിർദ്ദേശമാണ്. ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: മഴക്കെടുതികളെ നേരിടാനുള്ള സംവിധാനങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. വളരെ സ്വാഗതാർഹമായ പല നടപടികളും ഇപ്പോൾ സ്വീകരിച്ചുവരുന്നുണ്ട്. അതേസമയം വെള്ളപ്പൊക്കക്കെടുതികൾ എത്രമാത്രമുണ്ടെന്ന് വെളിപ്പെടുത്തുന്ന സമിതിയിൽ ഉദ്യോഗസ്ഥരുടെ പ്രതിനിധികൾ മാത്രം ഉള്ളതായിട്ടാണ് കാണുന്നത്. അതിനകത്ത് ജനപ്രതിനിധികളെകൂടി ഉൾപ്പെടുത്താനും വെള്ളപ്പൊക്കക്കെടുതികൾ നേരിടാൻ സർക്കാർ സ്വീകരിക്കുന്ന നടപടികളെ സംബന്ധിച്ച റിപ്പോർട്ട് അതാതു എം.എൽ.എ.-മാർക്കുകൂടി ലഭിക്കത്തക്ക വിധത്തിൽ ഒരു സംവിധാനം ഉണ്ടാക്കി

LIBRARY ARCHIVES Kerala Legislative Assembly

വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ ഉണ്ടാക്കുന്ന റോഡ് ഉൾപ്പെടെ അതാതു മണ്ഡലത്തിലെ എം.എൽ.എ.-മാരുടെ അറിവോടുകൂടി ആയിത്തീരാനും ജനപ്രതിനിധികളെ പങ്കാളിയാക്കാനും നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ആന്റണി: വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങളിൽ ജില്ലാ അടിസ്ഥാനത്തിൽ ജനപ്രതിനിധികളെക്കൂടി ഉൾപ്പെടുത്തുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: പുഴ നിറഞ്ഞുകവിഞ്ഞ് ഒഴുകിയിട്ടാണ് മുൻകാലങ്ങളിലൊക്കെ വെള്ളപ്പൊക്കം ഉണ്ടായിട്ടുള്ളതെന്ന് കേട്ടിട്ടുണ്ട്. കുറെയൊക്കെ കണ്ടിട്ടുമുണ്ട്. ഈയടുത്ത കാലത്ത് നദി കരകവിഞ്ഞ് ഒഴുകുന്നതുകൊണ്ടല്ല വെള്ളപ്പൊക്കം ഉണ്ടാകുന്നതെന്ന് കാണാൻ കഴിയുന്നുണ്ട്. പല നഗരങ്ങളിലും അശാസ്ത്രീയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും അതുപോലെ ഡ്രെയിനേജിന്റെ അഭാവംമൂലം നഗരങ്ങളിൽ വെള്ളം കെട്ടിനിൽക്കുകയും ചെയ്യുന്നു. വെള്ളപ്പൊക്കക്കെടുതികൾ അനുഭവിക്കുന്നതിന് ഒരു പ്രധാന കാരണം ഇതുതന്നെയാണ്. ഡ്രെയിനേജും മറ്റ് നിർമ്മാണ പ്രവർത്തനങ്ങളുമെല്ലാം നടത്തി വെള്ളപ്പൊക്കക്കെടുതികൾ പരിഹരിക്കുന്നതിന് പരസ്പരം യോജിച്ചുകൊണ്ടുള്ള ഒരു സംവിധാനത്തെക്കുറിച്ച് ആലോചിക്കേണ്ടതല്ലേ? മഴക്കാലത്തെ പ്രശ്നങ്ങൾ നേരിടുന്നതിന് ശ്രമിക്കുമ്പോൾതന്നെ മഴകൊണ്ട് വേനൽക്കാല ദുരിതങ്ങളേയും വേനൽകൊണ്ട് മഴക്കാല ദുരിതങ്ങളേയും ആരോഗ്യകരമായി നേരിടുന്നതിനെ കുറിച്ചുകൂടി ആലോചിക്കുമോ?

ശ്രീ. എ. കെ. ആന്റണി: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിന്റെ ഒരു ഭാഗത്തെക്കുറിച്ച് പറയാം. സമീപകാലത്തായി കേരളത്തിൽ വെള്ളപ്പൊക്കവും വരൾച്ചയും അതിനെത്തുടർന്ന് കുടിവെള്ളക്ഷാമവും ഉണ്ടാകാൻ ഒരു പ്രധാനപ്പെട്ട കാരണം വർഷങ്ങളായി നാം തുടരുന്ന നയങ്ങളാണ്. നമ്മുടെ പഴയതലമുറ ഇത്രയേറെ വളർച്ച പ്രാപിക്കാത്ത കാലഘട്ടത്തിൽപോലും ശാസ്ത്രീയവും സാങ്കേതികവുമായ ജ്ഞാനംകൊണ്ട്, വളരെ പ്രായോഗികമായ ദീർഘവീക്ഷണത്തോടുകൂടി പ്രകൃതിയിൽ ഉണ്ടാകുന്ന ആപത്തുകൾ തടയാൻ നടപടികൾ സ്വീകരിച്ചിരുന്നു. അതു മാത്രമല്ല നമ്മുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള ഏർപ്പാടുകൾ ഉണ്ടായിരുന്നു. നാടുമുഴുവൻ കുളങ്ങൾ, കിണറുകൾ, തോടുകൾ, പാടങ്ങൾ, ചതുപ്പുനിലങ്ങൾ എന്നിവ കേരളത്തിൽ സമൃദ്ധമായിരുന്നു. സമീപ കാലത്തായി മിക്കവാറും കുളങ്ങളും തോടുകളും മൂടപ്പെട്ടിരിക്കുകയാണ്. ചതുപ്പുസ്ഥലങ്ങൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. അനിയന്ത്രിതമായ നടപടിയിലൂടെ എവിടെപ്പോയാലും പാടങ്ങൾ നിരപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇതെല്ലാം സമീപകാലത്ത് കേരളത്തിൽ 24 മണിക്കൂർ തുടർച്ചയായി മഴ പെയ്താൽ വെള്ളപ്പൊക്കത്തിന്റെ അന്തരീക്ഷം ഉണ്ടാക്കുന്നതിന് പ്രധാന ഘടകമാണ്. അതുപോലെ ഗ്രൗണ്ട് വാട്ടർ കുറയാനും ശുദ്ധജല ദൗർലഭ്യം ഉണ്ടാകാനും ഇതാണ് കാരണം. അതുകൊണ്ട് സ്ഥിരം സംവിധാനം ഉണ്ടാക്കാൻ ശ്രമിക്കുന്നതുപോലെതന്നെ നമ്മുടെ പഴയ തലമുറയെ കണ്ടുപഠിച്ച് ഇനിയെങ്കിലും അനിയന്ത്രിതമായ നിലയിൽ പാടങ്ങൾ നികത്താതിരിക്കുക, കുളങ്ങളും തോടുകളും മൂടിക്കളയാതിരിക്കാൻ ശ്രദ്ധിക്കുക,

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലെങ്കിൽ കൂടുതൽ അപകടത്തിലേയ്ക്ക് പോകും. കഴിഞ്ഞ കാലത്തുണ്ടായ വെള്ളപ്പൊക്കവും വരൾച്ചയും നമ്മുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്. പ്രകൃതിയെ ചൂഷണം ചെയ്യുന്നതിന് ഒരു നിയന്ത്രണം വേണം. അക്കാര്യത്തിൽക്കൂടി നാം പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. സി. മോയിൻകുട്ടി : സർ, മഴക്കെടുതികൾകൊണ്ട് ഏറ്റവുമധികം ദുരിതം അനുഭവിക്കുന്നത് നമുക്ക് പരിചയമുള്ള മലയോര മേഖലയിലാണ്. എന്റെ മണ്ഡലം ഉൾപ്പെടെയുള്ള മലയോര മേഖലയിൽ കാലവർഷം ഉണ്ടായിട്ട് ഉറക്കമില്ലാതെ രാത്രികളിൽ ഭയാശങ്കയോടുകൂടിയാണ് ജനങ്ങൾ കഴിഞ്ഞു കൂടുന്നത്. സംഭവം നടന്നു കഴിഞ്ഞതിനുശേഷമുള്ള ആശ്വാസ പ്രവർത്തനങ്ങൾ ഞങ്ങൾ അംഗീകരിക്കുന്നു. പക്ഷേ അതിനുമുൻപായി ഏറ്റവും കൂടുതൽ അപകട സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ നിന്നും അവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി വളരെ വ്യവസ്ഥാപിതമായി, ശാസ്ത്രീയമായി ചർച്ച നടത്തി അവരെ പുനരധിവസിപ്പിക്കാൻ വല്ല നടപടിയും സ്വീകരിക്കുമോ; അതുവഴി ഭയാശങ്കയില്ലാതെ കിടന്നുറങ്ങാനുള്ള ഒരു സാഹചര്യം അവർക്ക് കാലേകൂട്ടി ഉറപ്പു വരുത്താൻ സാധിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. എ. കെ. ആന്റണി : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. മഴക്കെടുതി ഏറ്റവും കൂടുതൽ ഉള്ളത് മലയോര പ്രദേശങ്ങളിലാണ്. അത്ര തന്നെയോ അതിൽ കൂടുതലായോ കെടുതികൾ അനുഭവപ്പെടുന്ന പ്രദേശമാണ് തീരപ്രദേശം. തീരപ്രദേശങ്ങളിലും മലയോരങ്ങളിലും താമസിക്കുന്നവരാണ് മഴക്കെടുതിയിൽ ഏറ്റവും കൂടുതൽ ദുരന്തം അനുഭവിക്കുന്നത്. പക്ഷേ ഭൂമിക്കുവേണ്ടിയുള്ള ദാഹത്തിനിടയിൽ ജനവാസയോഗ്യമല്ലാത്ത പ്രദേശത്ത് വരെ ആളുകൾ പോയി താമസിക്കുകയാണ്. കഴിഞ്ഞ പ്രാവശ്യം അമ്പൂരിയിൽ അപകടമുണ്ടായി. ഇത്തരത്തിലുള്ള പ്രദേശത്തെ താമസം തന്നെ ഏത് അവസരത്തിലും അപകടം ക്ഷണിച്ചുവരുത്താവുന്നതാണ്. പുനരധിവാസം വ്യാപകമായി നടത്തുന്നത് എത്രമാത്രം പ്രായോഗികമാണെന്ന് എനിക്ക് അറിയില്ല. ഏതായാലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം പരിശോധിക്കാം.

ശ്രീ. സി. മോയീൻകുട്ടി: കാലവർഷക്കെടുതിയെത്തുടർന്ന് ബഹുമാനപ്പെട്ട ജില്ലാ കളക്ടർ വിളിച്ചുകൂട്ടുന്ന യോഗങ്ങളിൽ എടുക്കുന്ന തീരുമാനങ്ങളിൽ വ്യക്തമായിട്ടുള്ള ഒരു ദിശാബോധം പലപ്പോഴും ഉണ്ടാകുന്നില്ല. എന്താണ് കാരണമെന്ന് ചോദിച്ചാൽ, ജനപ്രതിനിധികളെ വിശ്വാസത്തിലെടുക്കാൻ പലപ്പോഴും ഉദ്യോഗസ്ഥൻമാർ വൈമുഖ്യം കാണിക്കുന്നു എന്നതാണ് പ്രശ്നം. മുൻഗണനാക്രമത്തിൽ നിർവ്വഹിക്കേണ്ടതായിട്ടുള്ള ഇത്തരം സൗകര്യങ്ങൾ അത് യഥാർത്ഥത്തിൽ പലപ്പോഴും ലഭ്യമാകുന്നില്ല. മുൻഗണനാക്രമത്തിന് പകരം പല ജില്ലയിലും പരിഗണന അർഹിക്കുന്ന കേസുകൾ വിസ്മരിക്കപ്പെടുകയാണ് ചെയ്യുന്നത്. അതുപോലെ തന്നെ കാലവർഷക്കെടുതിയെ തുടർന്ന് കൃഷിക്കാർക്ക് നൽകുന്ന നഷ്ടപരിഹാരം യഥാർത്ഥത്തിൽ ലഭിക്കാറില്ല. സർക്കാർ ഫണ്ട് വിനിയോഗിക്കുന്നു എന്നല്ലാതെ അത് യഥാസമയത്ത് നൽകാത്തതുമൂലം കൃഷിക്കാർ അങ്ങേയറ്റം ദുരിതത്തിലാണ്. അത് യഥാസമയത്ത് അവരുടെ കൈകളിൽ എത്തിക്കുന്നതിന് ആവശ്യമായിട്ടുള്ള നിർദ്ദേശം ഉദ്യോഗസ്ഥൻമാർക്ക് കൊടുക്കാൻ അങ്ങ് തയ്യാറാകുമോ എന്നതാണ് എന്റെ രണ്ടാമത്തെ ചോദ്യം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി : ഈ വർഷം കുറേ സ്ഥലങ്ങളിൽ പ്രയാസം ഉണ്ടായതിനുശേഷം ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഉദ്യോഗസ്ഥൻമാർ എത്തി കണക്കെടുക്കുന്ന സമയത്ത് തന്നെ കൃഷി വകുപ്പിലെ ഉദ്യോഗസ്ഥൻമാരും എത്താൻ ശ്രമിക്കണം. അങ്ങനെ വരുമ്പോൾ വളരെ വേഗം തന്നെ ഈ നഷ്ടപരിഹാരം കൊടുക്കാൻ സാധിക്കും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാലതാമസം ഒഴിവാക്കാൻവേണ്ടിയാണ് ശ്രമിക്കുന്നത്. ഞാൻ നേരത്തേ പറഞ്ഞതുപോലെ ഈ കെടുതികളുടെ കാര്യത്തിൽ, സഹായം എത്തിക്കുന്ന പ്രശ്നത്തിൽ ജില്ലാ അടിസ്ഥാനത്തിൽ ജനപ്രതിനിധികളുടെകൂടി ഉപദേശം തേടാനും അവരുടെ സഹകരണം തേടാനും ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ടി. പി. എം. സാഹിർ: സർ, ദുരിതാശ്വാസഫണ്ടുമായി ബന്ധപ്പെട്ടു കൊണ്ട് തന്നെയാണ് എനിക്ക് പറയാനുള്ളത്. 2004 മേയ് മാസത്തിൽ ഉണ്ടായ കാറ്റിലും കോളിലുമായി കടലോര പ്രദേശങ്ങളിൽ ഒരുപാട് വീടുകൾ പൂർണ്ണമായോ ഭാഗീകമായോ തകർന്നിട്ടുണ്ട്. എന്റെ മണ്ഡലത്തിൽ ജൂലായ് 5-ാം തീയതിയിൽ 9 വീടുകൾ പൂർണ്ണമായും 70 ഓളം വീടുകൾ ഭാഗീകമായും തകർന്നു. പൂർണ്ണമായും തകർന്ന വീടുകൾക്ക് ആകെ കൊടുത്തിരിക്കുന്നത് 10,000 രൂപ മാത്രമാണ്. ഭാഗീകമായി വീടുകൾ തകർന്ന ആളുകൾക്ക് ഒരു ചില്ലി കാശ് പോലും നൽകാൻ ഗവൺമെന്റിന് സാധിച്ചിട്ടില്ല. ദുരിതാശ്വാസമെന്ന് പറഞ്ഞാൽ അത് സമയത്ത് കിട്ടിയില്ലെങ്കിൽ ദുരിതാശ്വാസമാവുകയില്ല. അതുകൊണ്ട് ദുരിതാശ്വാസഫണ്ട് വിതരണത്തിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ അങ്ങ് ഉത്തരവ് നൽകുമോ?

ശ്രീ. എ. കെ. ആന്റണി: തീർച്ചയായും ശ്രമിക്കാം. ഇടവമാസത്തിലെ അതിവർഷവും കൊടുങ്കാറ്റുംമൂലം 29-6-2004 വരെ ലഭ്യമായ കണക്കനുസരിച്ച് 88 പേർക്ക് ജീവഹാനി സംഭവിക്കുകയും 13 പേരെ കാണാതാവുകയും 142 പേർക്ക് പരിക്ക് ഏൽക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 1007 ഭവനങ്ങൾ പൂർണ്ണമായും 14,441 ഭവനങ്ങൾ ഭാഗീകമായും തകർന്നിട്ടുണ്ട്. കാലവർഷക്കെടുതിമൂലം 19,680 ഹെക്ടറിലെ കൃഷി പൂർണ്ണമായും നശിച്ചിട്ടുണ്ട്. ഇതുമൂലം 177.45 കോടി രൂപയുടെ നാശനഷ്ടം വന്നിട്ടുണ്ട്. അതുപോലെ തീരപ്രദേശങ്ങളിലും വൻപിച്ച നാശനഷ്ടം ഉണ്ടായിട്ടുണ്ട്. ധാരാളം ആളുകൾക്ക് വീടുകളും തൊഴിലും നഷ്ടപ്പെട്ടിട്ടുണ്ട്. അതുപോലെ കോടിക്കണക്കിന് രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. കാലവർഷക്കെടുതിമൂലം ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്ക് 50,000 രൂപ വീതവും കുട്ടികളുടെ ആശ്രിതർക്ക് 15,000 രൂപ വീതവും അനുവദിച്ചിട്ടുണ്ട്. ഈ അനുവദിക്കുന്ന സഹായങ്ങളെല്ലാം പരമാവധി വേഗത്തിൽ നൽകത്തക്കവിധം നടപടി ക്രമത്തിൽ മാറ്റം വരുത്താൻ ഗവൺമെന്റ് ശ്രമിക്കാം.

ശ്രീ. ടി. പി. എം. സാഹിർ: സർ, ശാസ്ത്രീയപഠനത്തിന്റെ ഭാഗമായി ഒരു പ്രത്യേക കാലഘട്ടത്തിൽ ട്രോളിംഗ് നിരോധിക്കുകയാണ്. അതോടുകൂടി തന്നെ കടൽതീരങ്ങളിൽ പട്ടിണിയും ആരംഭിക്കും. അതുകൊണ്ട് ഈ ട്രോളിംഗിന്റെ കൂട്ടത്തിൽ അവർക്ക് സൗജന്യമായി റേഷൻ വിതരണം ചെയ്യാൻ പ്രത്യേകം ഒരു ഓർഡർ ഉണ്ടാക്കാൻ അങ്ങ് ശ്രമിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി: ട്രോളിഗ് നിരോധനം തുടങ്ങിയിട്ട് വർഷങ്ങൾ ഏറെയായി. ട്രോളിംഗ് നിരോധിക്കുന്ന കാലം മുഴുവൻ സൗജന്യ റേഷൻ കൊടുക്കുക എന്നത് നല്ല ആശയമാണെങ്കിലും സാമ്പത്തിക പരിമിതി കാരണം അത് ഒരു ഗവൺമെന്റും നടപ്പിലാക്കാൻ ശ്രമിച്ചിട്ടില്ല. അത് അത്ര എളുപ്പമുള്ളതാണെന്ന് എനിക്ക് തോന്നുന്നില്ല. അത്യാവശ്യം വേണ്ടുന്ന സഹായം എത്തിക്കാം.

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, മഴക്കെടുതിയുടെ ഫലമായി വീടുകൾ തകർന്നതിന്റെയും ഓരോ ജില്ലയിലും ഉണ്ടായ നാശനഷ്ടങ്ങളുടെയും കണക്കുകൾ അങ്ങ് വിവരിക്കുകയുണ്ടായി. അതിൽ കേന്ദ്രവിഹിതം എത്ര ലഭിച്ചു; കേന്ദ്ര വിഹിതത്തിൽ എത്ര തുക ഈ നാട്ടിലെ കൃഷിക്കാർക്ക് നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. കെ. ആന്റണി: കഴിഞ്ഞ വരൾച്ചയിലും കാലവർഷക്കെടുതിയിലും ഇതുവരെ ഒരു പ്രത്യേക സഹായമായി കേന്ദ്രത്തിൽനിന്നും വിഹിതമൊന്നും കിട്ടിയിട്ടില്ല. നാഷണൽ കലാമിറ്റി ഫണ്ടിൽനിന്നും എല്ലാ വർഷവും കിട്ടുന്ന ഫണ്ട് അല്ലാതെ കൂടുതലായിട്ട് ഒരു ചില്ലിക്കാശും കിട്ടിയിട്ടില്ല. തരുമെന്ന് പറയുന്നു. പക്ഷേ ഇതുവരെ കിട്ടിയിട്ടില്ല.

ശ്രീ. ഇസ്ഹാക് കുരിക്കൾ : കേരളത്തിലെ വയലുകൾ നികത്തുന്നതിനെക്കുറിച്ച് ഒരു ബോധവൽക്കരണം സൂചിപ്പിക്കുന്ന മറുപടിയാണ് അങ്ങ് നൽകിയത്. ഇതിന് ഒരു ശക്തമായ നിയമം ആവശ്യമാണ്. തിരുവനന്തപുരത്തുനിന്നും കാസർഗോഡ് വരെ കാറിൽ പോവുകയാണെങ്കിൽ വയലുകളെല്ലാം നികത്തി അവിടെ മണിമന്ദിരങ്ങളും ഫ്ളാറ്റുകളുമൊക്കെയായി മാറിയ കാഴ്ചയാണ് കാണാൻ കഴിയുന്നത്. അതുകൊണ്ട് ഇതിന് ശക്തമായ നിയമനിർമ്മാണം ആവശ്യമാണ്. ഇന്ന് ആർ.ഡി.ഒ. വിചാരിച്ചാൽ വയലുകൾ നികത്തുന്നതിന് പെർമിഷൻ കൊടുക്കാം. ആർ.ഡി.ഒ.-യിൽനിന്ന് ആ അധികാരം എടുത്തു കളഞ്ഞ് ജില്ലാ കളക്ടർമാർക്കും അതുപോലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കും നൽകാൻ അങ്ങ് നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ആന്റണി: ഏതായാലും അനിയന്ത്രിതമായി വയലുകൾ നികത്തുന്നതിനെതിരായ ശക്തമായ നടപടികൾ ആവശ്യമാണ്. അത് ഏത് തരത്തിൽ വേണം എന്നതിനെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഒരു നിയന്ത്രണവുമില്ലാതെ വയലുകൾ നികത്തി കേരളത്തിലുള്ള മുഴുവൻ വയലുകളും നഷ്ടപ്പെടുത്തുന്ന സാഹചര്യം അനുവദിക്കാവുന്നതല്ല. മറ്റൊരു കാര്യം, ഫാമിലി പ്ലാനിംഗ് വന്നതിനുശേഷം ഒരു കുട്ടിയും രണ്ടു കുട്ടിയുമാണുള്ളത്. കൂട്ടുകുടുബങ്ങളില്ല. പിന്നെ വയലുകൾ നികത്തി എട്ടും പത്തും മുറികളുള്ള ബംഗ്ലാവുകൾ കെട്ടിപ്പൊക്കുന്നത് എന്തിനാണെന്ന് മനസ്സിലാവുന്നില്ല. ഇത്തരത്തിലുള്ള ഈ ആഡംബരഭ്രമം അവസാനിപ്പിക്കേണ്ടത് നമ്മുടെ നാടിന് ആവശ്യമാണ്. അതിന് എല്ലാവരും കൂടി ശ്രമിക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, കാലവർഷം എപ്പോഴും നമ്മുടെ സംസ്ഥാനത്തുണ്ടാകും. എല്ലാ വർഷവും ഇത് ആവർത്തിക്കുകയും ചെയ്യും. അതിന്റെ ഫലമായി ഓരോ വർഷവും വലിയ കെടുതികൾ അനുഭവപ്പെടുന്നു. അതിന്റെ ഭാഗമായി റോഡുകൾ തകർന്നു പോകുന്നു. എന്നാൽ കാലവർഷക്കെടുതി കാരണം

തകർന്നു പോകുന്ന റോഡുകളെ പുനരുദ്ധരിക്കാനുള്ള ഒരു പദ്ധതി ഗവൺമെന്റിനില്ല. എന്നാണ് തോന്നുന്നത്. കഴിഞ്ഞ ദിവസം വണ്ടൂർ ബ്ലോക്കിൽ നടന്ന തിരിമറിയുടെ കാര്യം ഇവിടെ പറഞ്ഞു. അതുപോലെയാണ് ഫണ്ട് അനുവദിക്കുന്നത്. അതുകൊണ്ട് അതിന് ഇടവരുത്താത്ത വിധത്തിൽ ഇത്തരം ഫണ്ട് അനുവദിക്കുന്നതിനുവേണ്ടി ഒരു നോംസ് അംഗീകരിച്ചുകൊണ്ട് നടപ്പാക്കുന്നതിനുവേണ്ടി ഗവൺമെന്റ് തയ്യാറാകുമോ; കാലവർഷക്കെടുതിയിൽ തകർന്നുപോയ റോഡുകളുടെ പുനരുദ്ധാരണത്തിനുവേണ്ടി മാത്രമായിട്ട് വിനിയോഗിക്കുന്ന വിധത്തിൽ ഇത് ക്രമീകരിക്കുമോ?

ശ്രീ. എ. കെ. ആന്റണി: ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യം വളരെ പ്രസക്തമാണ്. അത് നമ്മളെല്ലാപേരും ആലോചിക്കേണ്ടതാണ്. എം.എൽ.എ. ഫണ്ടിലുള്ള ഫ്ളഡ് റോഡുകളുടെ വിനിയോഗം സംബന്ധിച്ച് എം.എൽ.എ.-മാർ തമ്മിൽ കുറച്ചുകൂടി ധാരണയുണ്ടാകണം. ഫ്ളഡ് റോഡിന്റെ വിനിയോഗം അത് എങ്ങനെ വേണമെന്നതിനെക്കുറിച്ച് എം.എൽ.എ.-മാർ തമ്മിൽതന്നെ ധാരണയുണ്ടാകണം. എനിക്ക് അതിനെപ്പറ്റി വ്യക്തിപരമായി വേറൊരഭിപ്രായമുണ്ട്. പക്ഷെ ഞാൻ പറഞ്ഞിട്ട് എനിക്ക് പിൻതുണ കിട്ടാത്തതുകൊണ്ട് ഞാൻ പിൻവലിക്കുകയാണ് ചെയ്തത്. വ്യക്തിപരമായി ഞാൻ ഈ ഫ്ളഡ് റോഡിന് എതിരാണ്. എം.എൽ.എ.-മാരെല്ലാം അതിനെ അനുകൂലിക്കുകയാണ്. ഞാനും അതിനെ അനുകൂലിക്കുകയാണ്. ഞാൻ പറഞ്ഞുനോക്കിയിട്ട് എനിയ്ക്ക് യാതൊരു പിൻബലവും കിട്ടുന്നില്ല. അതിൽ ഒരുപാട് ദുരൂഹതയുണ്ട്. എന്തെങ്കിലും പ്രത്യേക പ്രശ്നം വച്ച് പറയുകയല്ല. ഈ ഫ്ളഡ് റോഡിന്റെ പേരിലുള്ള റോഡുകളുടെ നിർമ്മാണം പലതും അത്ര പ്രയോജനപ്രദമല്ല. അതുകൂടി വല്ല ദുരിതാശ്വാസത്തിനുംവേണ്ടി ഉപയോഗിക്കാൻ സാധിക്കണം അതാണ് വ്യക്തിപരമായി എന്റെ അഭിപ്രായം. ബഹുമാനപ്പെട്ട മെമ്പർ അതിനകത്ത് പ്രത്യേകം രാഷ്ട്രീയം കലർത്താൻ ശ്രമിക്കരുത്. രാഷ്ട്രീയം കലർത്തി എന്നെ തെറ്റിദ്ധരിക്കരുത്. ആ നിലയിൽ എന്നെ പ്രയാസപ്പെടുത്തരുത്. എന്റെ അഭിപ്രായം പറഞ്ഞതിന് ഞാൻ ഒറ്റപ്പെടുകയാണ്. അവരെല്ലാം എതിർക്കുകയാണ്, അതുകൊണ്ട് ഈ ഫ്ളഡ് റോഡുകൾ ആണെങ്കിലും ഇത്തരം റോഡുകൾ അത് തൽക്കാലത്തെ ഒരു മൂന്ന് മാസത്തെ ആയുസ്സേ റോഡിനുള്ളൂ. സ്ഥിരമായിട്ട് നിൽക്കുന്ന റോഡുകളായിട്ടെങ്കിലും മാറ്റുന്ന കാര്യത്തിൽ എന്റെ ബഹുമാന്യരായ എം.എൽ.എ. സുഹൃത്തുക്കൾ ഭരണപക്ഷമായാലും പ്രതിപക്ഷമായാലും ശ്രമിക്കണം. നമ്മൾ ഫ്ളഡ് റോഡായി നിർമ്മിക്കുന്ന റോഡുകളിൽ ഭൂരിപക്ഷവും താൽക്കാലികമാണ്. കുറേക്കഴിഞ്ഞാൽ നഷ്ടപ്പെട്ട് പോകുന്നവയാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ഈ കാലവർഷം പലപ്പോഴും കെടുതിയുണ്ടാക്കുന്നുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ ഉരുൾപൊട്ടൽ സ്ഥിരമാണ്. ഇക്കുറി സെന്റ് ജോസഫ് പള്ളിയുടെ സെമിത്തേരി ഒലിച്ചുപോയി, ശവക്കല്ലറകൾ ഒലിച്ചുപോയി. അപ്പോൾ ഇത്തരത്തിൽ സ്ഥിരം ഉരുൾപൊട്ടുന്ന പ്രദേശങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് പ്രത്യേകം പഠനം നടത്താനും, അതിന് ഒരു പരിഹാരമാർഗ്ഗം കാണാനുമുള്ള നിർദ്ദേശം കൊടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ഇത്തവണ സ്ഥിരമായി ഇങ്ങനെ കാലവർഷക്കെടുതികൾ ഉണ്ടാകുന്ന പ്രദേശങ്ങൾ മുൻകൂട്ടി ശ്രദ്ധിക്കാൻ പറഞ്ഞിട്ടുണ്ട്. മലയോരങ്ങളിൽ മാത്രമല്ല, തീരപ്രദേശങ്ങളിലും കാലവർഷസമയത്ത് ആളുകളുടെ ജീവിതം നരക തുല്യമാണ്. തീര പ്രദേശത്തുള്ള എല്ലാ ഗ്രാമങ്ങളിലും ഇപ്പോൾ മഴക്കാലമായിക്കഴിഞ്ഞാൽ ആളുകളുടെ ജീവിതം നരകതുല്യമാണ്. തീരപ്രദേശങ്ങളിലും മലയോരങ്ങളിലും ഈ മഴക്കാലത്ത് സ്ഥിരമായി കെടുതികളുണ്ടാകുന്ന പ്രദേശങ്ങൾ നേരത്തെതന്നെ കണ്ടെത്തി, അവിടെ മുൻകരുതൽ എടുക്കണമെന്നുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. വർക്കല കഹാർ: സർ, അടുത്ത കാലത്തുണ്ടായ കാലവർഷക്കെടുതികളിൽ നൽകിയ സഹായത്തേയും നഷ്ടപരിഹാരത്തേയും പറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഈ കാലവർഷക്കെടുതികൾ കാരണം ഏറ്റവും കൂടുതൽ കുഴപ്പങ്ങളുണ്ടാകുന്നത് ഭവനങ്ങൾക്കും, കൃഷിയ്ക്കുമാണ്. എന്റെ നിയോജകമണ്ഡലത്തിലുൾപ്പെടെ വ്യാപകമായി കൃഷി നാശമുണ്ടാകുകയും ആളുകളുടെ ഭവനങ്ങൾക്ക് ദോഷമുണ്ടാകുകയും ചെയ്തു. പക്ഷെ അത് ഉണ്ടായപ്പോൾ റവന്യു വകുപ്പിലെ ഉദ്യോഗസ്ഥൻമാർ കൃത്യമായി എത്തുകയും അതിനനുസൃതമായി നടപടികൾ സ്വീകരിക്കുകയും അതിന് നഷ്ടപരിഹാരത്തുക വിതരണം ചെയ്യുകയും ഉണ്ടായി. കൃഷി വ്യാപകമായി നശിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടില്ല. കൃഷിവകുപ്പിലെ ഉദ്യോഗസ്ഥൻമാർ തന്നെ പറയുന്നത് ആവശ്യമായ ഫണ്ടും കാര്യങ്ങളുമില്ല എന്നാണ്. കഴിഞ്ഞ തവണ കൊടുക്കാനുള്ളത് തന്നെ ബാക്കി കിടക്കുന്നു എന്നാണ്. അത് എത്രയും താമസിക്കുന്നോ അത്രയും കൂടുതൽ കർഷകർ ദുരിതമനുഭവിക്കുകയാണ്. അതിനാൽ കൃഷിക്കാർക്ക് നഷ്ടപരിഹാരം അടിയന്തിരമായി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

ശ്രീ. എ. കെ. ആന്റണി: കൃഷിക്കാർക്കുള്ള നഷ്ടപരിഹാരം കഴിയുന്നത്ര വേഗം കൊടുക്കാൻ ശ്രമിക്കാം. പിന്നെ ഫണ്ടിന്റെ ദൗർലഭ്യം ഒരു പൊതുപ്രശ്നമാണ്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, കാലവർഷം വന്നുകഴിഞ്ഞാൽ ഏറ്റവും അധികം വിഷമം അനുഭവിക്കുന്നത് തീരപ്രദേശങ്ങളിലുള്ള ജനങ്ങളാണ്. എന്റെ നിയോജകമണ്ഡലത്തിലെ മാടായി, രാമന്തളി പഞ്ചായത്തുകളുടെ ഒരു വലിയ ഭാഗം കടൽ തീരമാണ്. എല്ലാ വർഷവും കാലവർഷക്കാലത്ത് നിരവധി കുടുംബങ്ങൾ കുടിയൊഴിഞ്ഞ് പോകേണ്ടിവരുന്നുണ്ട്. സ്വത്തിനും ജീവനും ഏറ്റവും വലിയ ഭീഷണിയുയർത്തിക്കൊണ്ടാണ് കടൽക്ഷോഭം ഉണ്ടാകുന്നത്. ഇടക്കാലത്ത് കുറച്ച് സ്ഥലങ്ങൾ കടൽഭിത്തി കെട്ടിയതിനൊരു പരിഹാരം കണ്ടെത്തിയിരുന്നു. ഈ പ്രദേശത്ത് കടൽഭിത്തി കെട്ടുന്നതിനും ജനങ്ങളെ രക്ഷിക്കുന്നതിനും അവരുടെ സ്വത്തിന് സംരക്ഷണം കൊടുക്കുന്നതിനും നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. കടൽഭിത്തി കെട്ടാൻ സഹായം കിട്ടിയിരുന്നു. പക്ഷെ ആ സഹായം ഇപ്പോൾ നിർത്തിയിരിക്കുകയാണ്. കേരളംപോലെ നീണ്ട കടൽത്തീരമുള്ള നമ്മുടെ സംസ്ഥാനത്തിന് ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ ഭാഗമായിട്ട് കടൽഭിത്തി കെട്ടാൻ ആവശ്യമായ സഹായം ഉണ്ടാകണമെന്ന് നമ്മൾ ആവശ്യപ്പെട്ടിട്ടുണ്ട്. അതിനുപുറമേ പ്രത്യേകമായ പദ്ധതി തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. കടൽഭിത്തി കെട്ടുന്നതിനുവേണ്ടിയുള്ള കേന്ദ്ര സഹായം കിട്ടാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. ഗവൺമെന്റും, കേരളത്തിലുള്ള എം.പി.-മാരും കൂട്ടായി പരിശ്രമിച്ച് ഇത്തവണ കേന്ദ്രത്തിൽനിന്ന് ഈ രംഗത്ത് കൂടുതൽ സഹായം കിട്ടാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: പ്രകൃതിക്ഷോഭത്തെ നേരിടാനുള്ള ഉപാധികളിലൊന്ന് വിള ഇൻഷ്വറൻസാണ്. നിലവിലുള്ള വിള ഇൻഷ്വറൻസ് അപാകതകൾ നിറഞ്ഞതും അപൂർണ്ണവുമാണ്. കൃഷിച്ചെലവിന്റെ ഒരു ഭാഗമാണ് ഇൻഷ്വറൻസ് എന്ന ഒരു സംസ്കാരം കർഷകരിൽ ഉണ്ടാക്കുവാനും നമുക്ക് കഴിഞ്ഞില്ല. അതുകൊണ്ട് നാണ്യവിളകൾക്ക് നിലവിൽ ഇൻഷ്വറൻസ് ഇല്ല. ദക്ഷിണ ഇൻഡ്യയുടെ കുത്തകയാണ് നാണ്യവിള. ആ ദക്ഷിണ ഇൻഡ്യൻ സംസ്ഥാനങ്ങളെയുൾപ്പെടെ അവരുടെ പിൻതുണയാർജ്ജിച്ചുകൊണ്ട് കേന്ദ്രത്തിൽ നിലവിലുള്ള പുതിയ ഗവൺമെന്റിൽനിന്നും നാണ്യവിളകൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്താൻ അങ്ങ് നേതൃത്വം നൽകുമോ?

ശ്രീ. എ. കെ. ആന്റണി: ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം പരിശോധിക്കുന്നതാണ്.

ഡോ. തോമസ് ഐസക്ക്: സർ, കാലവർഷക്കെടുതിയ്ക്ക് എതിരായിട്ട് സമഗ്രമായിട്ടുള്ള പരിപാടികൾ ആവിഷ്ക്കരിക്കുകയാണ് പ്രധാനം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ആ പ്രവർത്തനങ്ങളാകെ ഫ്ളഡ് റോഡായിട്ട് ചുരുക്കുന്നത് അപഹാസ്യമാണെന്നു മാത്രമല്ല ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ആ റോഡുകൾ നമ്മൾ ആഗ്രഹിച്ച ഗുണഫലം നൽകിയിട്ടുമില്ല. സർ, ഈ ഫ്ളഡ് അല്ലെങ്കിൽ ഡ്രൗട്ട് ഫണ്ടിന്റെ ഒരു നാലിലൊന്നു മാത്രമേ ഈ പറഞ്ഞ എം.എൽ.എ. ഫ്ളഡ് അല്ലെങ്കിൽ എം.എൽ.എ. ഡ്രൗട്ട് റോഡുകൾ വരുന്നുള്ളൂ. ബാക്കി ഫണ്ട് വിനിയോഗിക്കുന്നത് തികച്ചും ആർബിട്രറിയായിട്ടാണ്. ഒരു ആസൂത്രണവും ഇല്ല. പദ്ധതിയുമില്ല. ഗുണഫലങ്ങൾ ഇല്ലാത്ത ഈ ഫണ്ടുകളുടെ വിനിയോഗങ്ങളെക്കുറിച്ച് സമഗ്രമായിട്ടുള്ള അവലോകനം നടത്തുന്നതിന് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി: അത് മറ്റൊരു ചോദ്യത്തിൽക്കൂടി മാത്രമേ ഉത്തരം പറയാൻ സാധിക്കുകയുള്ളൂ. ഇതിനെക്കുറിച്ച് പെട്ടെന്ന് ഉത്തരം പറയാൻ സാധിക്കുകയില്ല. എന്റെ് ഒരു അഭിപ്രായം ഞാൻ പറഞ്ഞു, ഈ ഫണ്ടിന്റെ ഉപയോഗം വേണ്ടത്ര ഉപയോഗപ്രദമല്ല. അതിന് എന്താണ് പരിഹാരമെന്നുള്ളത് ഭരണപക്ഷവും പ്രതിപക്ഷവും കൂടി ആലോചിച്ച് തീരുമാനമുണ്ടാക്കാം.

ശ്രീ. കെ. സി. വേണുഗോപാൽ: നമ്മുടെ നാട്ടിലെ പഞ്ചായത്ത് റോഡുകൾക്കും വില്ലേജ് റോഡുകൾക്കും പല ദോഷവശങ്ങളുണ്ടെങ്കിലും റോഡിന്റെ ഗുണനിലവാരത്തെക്കുറിച്ച് പറഞ്ഞു. ഫണ്ട് ഇല്ലെങ്കിൽ പഞ്ചായത്ത് റോഡുകളും മുനിസിപ്പാലിറ്റി റോഡുകളും അവിടെ കിടക്കും, എന്റെ ചോദ്യമതല്ല, സർ, തീരപ്രദേശം ഈ മഴവെള്ളപ്പെടുതി മൂലവും കടലാക്രമണംമൂലവും വളരെ രൂക്ഷമായ പ്രതിസന്ധി നേരിടുകയാണ്. . നമ്മുടെ ആദിവാസി മേഖലയിലെ സ്ഥിതിയാണ് കേരളത്തിലെ തീരപ്രദേശങ്ങളിലുമുള്ളത്. . വ്യാപകമായി പട്ടിണിയാണ്. എന്റെ ചോദ്യം, നമ്മൾ കാലവർഷക്കെടുതികൾമൂലം കർഷകർക്ക് നാശനഷ്ടം ഉണ്ടാകുമ്പോൾ മൊറട്ടോറിയം പ്രഖ്യാപിക്കാറുണ്ട്. ഒരു വർഷത്തേയ്ക്ക് ഇപ്രാവശ്യം പ്രഖ്യാപിച്ചിട്ടുണ്ട്. വള്ളവും വലയും ഒക്കെ വാങ്ങിയ്ക്കുന്നതിനുവേണ്ടി കെ.എസ്.എഫ്. ഇ. അതുപോലെ ധനകാര്യ ബാങ്കുകൾ തുടങ്ങിയവയിൽ നിന്നും മൽസ്യഫെഡിൽനിന്നും ലോൺ വാങ്ങിച്ച മൽസ്യത്തൊഴിലാളികൾ ഉണ്ട്. അവർക്ക് തിരിച്ചടക്കാൻ കഴിയാത്തത്ര റവന്യു റിക്കവറി നേരിടേണ്ടി വന്നിട്ടുണ്ട്. അവരുടെ ലോൺ കൂടി ഈ മൊറട്ടോറിയത്തിന്റെ പരിധിയിൽപ്പെടുത്താൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. എ. കെ. ആന്റണി: മൽസ്യഫെഡുകളിൽനിന്ന് എടുത്ത കടത്തിന് ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. മറ്റ് ധനകാര്യ സ്ഥാപനങ്ങളുടെ കാര്യത്തിൽ ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. ടി. കെ. ബാലൻ: സർ, നമ്മുടെ സംസ്ഥാനത്ത് വരൾച്ച അവസാനിച്ചു. ഇപ്പോൾ കാലവർഷക്കെടുതികൾ വന്നിരിക്കുകയാണ്. വരൾച്ചാ ദുരിതാശ്വാസമായി ഗവൺമെന്റ് കൊടുത്തിട്ടുള്ള കാശ് യഥാർത്ഥത്തിൽ നാശനഷ്ടം സംഭവിച്ച കൃഷിക്കാർക്ക് ലഭിച്ചില്ല. ഉദാഹരണത്തിന് കണ്ണൂർ ജില്ലയിൽ ഒന്നരക്കോടി രൂപയുടെ കൃഷിനാശമാണ് ഉണ്ടായത്. ഒരു ചില്ലിക്കാശുപോലും അവിടെ കൊടുക്കാൻ കഴിഞ്ഞിട്ടില്ല. ഒന്നരക്കോടി രൂപയും കളക്ടർമാരുടെ കൈയിൽനിന്നും കൃഷിഓഫീസർമാരുടെ ടി.പി. അക്കൗണ്ടിലേയ്ക്ക് മാറാൻ കഴിഞ്ഞില്ല എന്നു പറഞ്ഞു. അത് കൃഷിക്കാർക്ക് കിട്ടിയില്ല. കഴിഞ്ഞ ഡി.ഡി.സി.-യിൽ ഇവിടെ ഇരിക്കുന്ന എല്ലാ എം.എൽ.എ.-മാരും ശക്തമായി ഉന്നയിച്ചെങ്കിലും ഇപ്പോഴും ഈ പണം ഡിസ്ബേഴ്സ് ചെയ്യാൻ സാധിച്ചിട്ടില്ല. അടിയന്തിരമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് ഇതിന് പരിഹാരം ഉണ്ടാക്കുമോ?

ശ്രീ. എ. കെ. ആന്റണി: കണ്ണൂർ ജില്ലയിലെ പ്രശ്നങ്ങൾ പ്രത്യേകമായി അന്വേഷിക്കാം.

ശ്രീ. കെ. മോഹൻകുമാർ: നദീതീരങ്ങളിലും ആറുകളുടേയും തോടുകളുടേയും തീരങ്ങളിലും ബണ്ടുകളിലും താമസിക്കുന്നവർക്കാണ് മഴക്കാലത്ത് വീടുകളിൽ വെള്ളം കയറി കാലാകാലങ്ങളിൽ പുനരധിവാസം വേണ്ടിവരുന്നത്. കഴിഞ്ഞ 10 വർഷക്കാലമായി സ്ഥിരമായി പുനരധിവസിപ്പിക്കേണ്ടിവരുന്നവരെ മറ്റ് സ്ഥലങ്ങളിലേയ്ക്ക് മാറ്റി താമസിപ്പിക്കുന്നതിന് സൗകര്യം ഏർപ്പെടുത്തി കൊടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ആലോചിച്ച് ഗവൺമെന്റ് ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ?

ശ്രീ. എ. കെ. ആന്റണി: ബഹുമാനപ്പെട്ട മെമ്പറുടെ ആവശ്യം പരിഗണിക്കുന്നതാണ്.

ഡോ. എ. നീലലോഹിതദാസൻ നാടാർ: തീരപ്രദേശങ്ങളിൽ മൽസ്യ ബന്ധനത്തിന് പോകാൻ കഴിയാത്ത മൽസ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ നൽകുന്നതിനുള്ള ഏർപ്പാടുണ്ടാക്കി. പ്രായോഗികമായി ആ ഏർപ്പാട് മൽസ്യത്തൊഴിലാളികൾക്ക് പ്രയോജനം ചെയ്യില്ല. ജില്ലാ ഭരണസംവിധാനം പതുക്കെപ്പതുക്കെ ഇഴഞ്ഞു നീങ്ങി വരുമ്പോൾ ആരാണ് കടലിൽ പോകുന്നതെന്നും പോകാത്തതെന്നും അറിയാൻ കഴിയില്ല. അതുകൊണ്ട് ഇതുപോലെയുള്ള സന്ദർഭങ്ങളിൽ മുൻകാലങ്ങളിൽ ചെയ്തതുപോലെ തീരദേശ വാസികൾക്ക് സൗജന്യറേഷൻ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എ. കെ. ആന്റണി: മുൻകാലങ്ങളിൽ തുടരുന്ന നടപടികൾ തന്നെയാണ് ഇപ്പോഴും തുടരുന്നത്. അതിന്റെകൂടെ കളക്ടർമാർക്ക് അടിയന്തിരമായി ആവശ്യമുള്ള സ്ഥലത്ത് ഒരു ആഴ്ചത്തെ സൗജന്യറേഷൻ നൽകാനുള്ള അനുവാദം കൊടുത്തിട്ടുണ്ട്.

ശ്രീ. എം. എ. വാഹീദ്: നഗരത്തിൽ ഏറ്റവും കൂടുതൽ മഴക്കാലത്ത് വെള്ളപ്പൊക്കക്കെടുതി അനുഭവപ്പെടുന്നത് Surface Drainage-ന്റെ അഭാവത്തിലാണ്. നഗരവുമായി ചേർന്നു കിടക്കുന്ന എന്റെ നിയോജകമണ്ഡലമായ കഴക്കൂട്ടത്ത് വയലുകളെല്ലാം നികത്തിക്കൊണ്ടിരിക്കുകയാണ്. പവർ ഗ്രിഡ് കോർപ്പറേഷനുവേണ്ടി എടുത്ത 56 ഹെക്ടർ സ്ഥലത്തും ഇപ്പോൾ സിമെന്റ് കൊട്ടാരങ്ങളാണ്. അവിടത്തെ വീടുകളെല്ലാം ഇപ്പോൾ വെള്ളത്തിനടിയിലാണ്. Surface Drainage-ന്റെ പണി ഇതുവരെ പവർഗ്രിഡ് കോർപ്പറേഷൻ ചെയ്യുകയോ അതിനാവശ്യമായ നടപടികൾ ആരംഭിക്കുകയോ ചെയ്തിട്ടില്ല. അതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശം കൊടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി: പരിഗണിക്കാവുന്നതാണ്.

പകർച്ചവ്യാധികൾ പ്രതിരോധിക്കാൻ നടപടികൾ

*2 [152] ശ്രീ. കെ. കെ. ജയചന്ദ്രൻ:

,, മഞ്ഞളാംകുഴി അലി:

,, കെ. വി. കുഞ്ഞിരാമൻ:

,, പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പകർച്ച വ്യാധികളെ പ്രതിരോധിക്കാനായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) പകർച്ച വ്യാധികളെ പ്രതിരോധിക്കാൻ സ്ഥിരസംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പകർച്ച വ്യാധികളെ പ്രതിരോധിക്കാനുള്ള ജില്ലാതല സെല്ലുകളുടെയും സംസ്ഥാനതല സെല്ലിന്റെയും പ്രവർത്തനം തൃപ്തികരമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പകർച്ചവ്യാധികൾ കണ്ടുപിടിക്കുന്നതിന് സംസ്ഥാനത്ത് കൂടുതൽ ഡയഗ്നോസ്റ്റിക് സെന്ററുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഇ) പകർച്ച വ്യാധികൾ പടർന്ന് പിടിക്കുമ്പോൾ സംസ്ഥാനത്തെ പല ആശുപത്രികളിലും രോഗികൾക്ക് മരുന്നും മറ്റും സേവനങ്ങളും ലഭ്യമാക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രിക്കുവേണ്ടി ടൂറിസം വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ,

(എ) എല്ലാ പകർച്ചവ്യാധി നിയന്ത്രണ പരിപാടികളും ആരോഗ്യ വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഏകോപിപ്പിച്ചുകൊണ്ടാണ് നടത്തി വരുന്നത്. ഇതിനാവശ്യമായ ഫണ്ട് പ്രധാനമായും ആരോഗ്യവകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വഹിക്കുന്നു. സംസ്ഥാന, ജില്ലാ, താലൂക്ക്, ബ്ലോക്ക് തലങ്ങളിൽ കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വാർഡു തലത്തിലും പഞ്ചായത്തുതലത്തിലും ദ്രുതകർമ്മ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും മറ്റു ഗവൺമെന്റിതര സംഘടനകളും സംയുക്തമായി ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly